# MEDIA COMMISSION
## KNANAYA CATHOLIC MISSIONS UK

***Ref. MC7/2023*** ***Date: 09/02/2023***

യു.കെ. യിലെ പ്രിയ ക്നാനായ കത്തോലിക്കാ മിഷൻ അംഗങ്ങളെ,

തനിമയിൽ ഒരുമയിൽ വിശ്വാസനിറവിൽ കാത്തു സൂക്ഷിക്കേണ്ട യു.കെ.യിലെ ക്നാനായ സമൂഹത്തിലേക്ക് സംശയത്തിന്റെ കരിനിഴലുകൾ വീഴ്ത്തുന്ന ഒരു പ്രസംഗം 04- 02 - 2023 ൽ London Region ലെ ഒരു പരിപാടിയുടെ വേദിയിൽ UKKCA യുടെ പുതിയ നേതൃത്വത്തിൽ നിന്നും ഉണ്ടായത് തികച്ചും അപലനീയവും, യുക്തിരഹിതവും, അടിസ്ഥാനരഹിതവുമാണ്. നാളിതുവരെ U.K. യിൽ നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചാണ് നടത്തിയതെന്ന് മീഡിയ കമ്മീഷൻ്റെ കത്തിലൂടെ (Ref. MC6/2022) വ്യക്തമാക്കിയിട്ടും, അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ഉത്തരവാദിത്വപ്പെട്ട ചുമതലയിലുള്ളവർക്ക് ചേർന്നതല്ല. ഉന്നയിച്ച ആരോപണങ്ങൾക്ക് കൃത്യമായ തെളിവുകൾ ഉണ്ടെങ്കിൽ ദുരാരോപണങ്ങൾ ഉന്നയിക്കുന്നതിന് പകരം ബന്ധപ്പെട്ടവരെ ഈ വിവരം കൃത്യമായി അറിയിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുകയാണ് വേണ്ടത്. അതിനു പകരം സമുദായത്തിന്റെ കൂട്ടായ്മയും പരസ്പരവിശ്വാസവും നഷ്ടപ്പെടുത്തുന്നതും, മുന്നോട്ടുള്ള വളർച്ചക്ക് വിഘാതം സൃഷ്ടിക്കുന്നതും സംഘടനാ നേതൃത്വത്തിന് ഭൂഷണമല്ല എന്നതിലുപരി സംഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങളിൽ നിന്നുള്ള വ്യതിചലനമായും വിലയിരുത്തേണ്ടി വരുന്നു. ഏതു തരത്തിലുള്ള സംശയനിവാരണത്തിനും തുറന്ന അവസരം നിലനിൽക്കുമ്പോൾ അതിനുള്ള വേദികൾ ഉപയോഗിച്ച് സഭക്കും സമുദായത്തിനും നന്മയും വളർച്ചയും നൽകുവാൻ സംഘടനാ നേതൃത്വം ശ്രമിക്കുന്നതാണ് കരണീയം.

"കാരണമായവരെല്ലാരും കൂടീട്ട്
നന്മ വരുത്തി തരേണം"

എന്ന നമ്മുടെ പ്രാർത്ഥനാ ഗാനത്തിൻ്റെ ഈരടികൾ സ്മരിക്കാം.

**Fr Jose Thekkunilkkunnathil**
(Convener)
Media Commission
Knanaya Catholic Missions, UK

**Mr Tommy Padapurackal**
(Secretary)

**Members:** Fr Shanju Kochuparambil, Dn Anil Lukose, Mr George Pattiyal

Media Commission Knanaya Catholic Missions UK